സംസ്ഥാനത്ത് ആവശ്യമുള്ള തെങ്ങിൻ തൈകൾ

117 [2730] ശ്രീ. കെ. പി. മോഹനൻ:

,, എ. സി. ഷൺമുഖദാസ്:

,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര തെങ്ങിൻ തൈകൾ പുതുതായി നടാൻ ആവശ്യമുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ സർക്കാർ എത്ര തൈകൾ വിതരണം ചെയ്യുന്നുണ്ട്;

(സി) സർക്കാർ വിത്തുതേങ്ങ എവിടെ നിന്നെല്ലാം എത്ര വീതം സംഭരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ നഴ്സറികൾക്കു പുറമേ സ്വകാര്യ വ്യക്തികൾ വിൽപ്പന നടത്തുന്ന തെങ്ങിൻ തൈകൾക്കുള്ള വിത്തുതേങ്ങകൾ എവിടെ നിന്നെല്ലാമാണ് വാങ്ങുന്നതെന്ന് പരിശോധിക്കാറുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം മൂന്നര ലക്ഷത്തോളം നാടൻ ഇനം (ഡബ്ല്യു. സി. റ്റി.) തെങ്ങിൻ തൈകളും ഏകദേശം ഒരു ലക്ഷത്തോളം സങ്കര യിനം തെങ്ങിൻ തൈകളും പുതുതായി നടുന്നതിന് ആവശ്യമുണ്ട്.

(ബി) കൃഷിവകുപ്പ് ഏകദേശം 2.85 ലക്ഷത്തോളം നാടൻ തെങ്ങിൻ തൈകളും ഏകദേശം 0.55 ലക്ഷത്തോളം സങ്കരയിനം തെങ്ങിൻ തൈകളും ഉത്പാദി പ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

(സി) കോഴിക്കോട്, മലപ്പുറം, കണ്ണൂർ, തൃശൂർ എന്നീ ജില്ലകളിൽ നിന്നു മാണ് വിത്തുതേങ്ങ സംഭരിച്ചുവരുന്നത്. വിത്തുതേങ്ങ സംഭരണത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഡബ്ല്യു. സി.റ്റി. വിത്ത്തേങ്ങ

വടകര	..	60107	എണ്ണം
കൂത്താളി ഫാം	..	1200	,,
മുണ്ടേരി ഫാം	..	13000	,,
മലപ്പുറം	..	32892	,,
മലമ്പുഴ ഫാം	..	4800	,,

LIBRARY ARCHIVES Kerala Legislative Assembly

എലൈറ്റ് വിത്ത്തേങ്ങ

ആലപ്പുഴ	..	395 എണ്ണം
എറണാകുളം	..	251 ,,

സങ്കരയിനം

തൃശൂർ	..	27192 എണ്ണം
കണ്ണൂർ	..	27957 ,,
മുണ്ടേരി ഫാം	..	8800 ,,

(ഡി) സ്വകാര്യ വ്യക്തികൾ വിൽപ്പന നടത്തുന്ന തൈകൾക്കുള്ള വിത്തു തേങ്ങകൾ എവിടെ നിന്നും വാങ്ങുന്നുവെന്ന് പരിശോധിക്കാനുള്ള സംവിധാനം നിലവിലില്ല.

സ്ത്രീകൾക്ക് സ്വയംതൊഴിൽ

118 [2735] ശ്രീ. കെ. ബാബു:
,, പി. ജെ. ജോയി:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. കെ. എ. ചന്ദ്രൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി കൊപ്രാ ഡ്രയർ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയോ;

(ബി) എങ്കിൽ ഇതുവരെ എത്ര യൂണിറ്റുകൾ സ്ഥാപിച്ചു;

(സി) ഈ യൂണിറ്റുകളിൽ എത്ര പേർക്ക് തൊഴിൽ കിട്ടും;

(ഡി) ഇവയുടെ പ്രവർത്തനം വയബിളാണോ;

(ഇ) ഈ യൂണിറ്റുകൾ സ്ഥാപിക്കുവാൻ എന്ത് ചെലവുണ്ടായിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 145 യൂണിറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly